**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ ( എം എസ് )നം.483 /2017/ധന  തിരുവനന്തപുരം തിയതി 06.11.2017

പരാമർശം :- 1. 15/07/2016 തിയതിയിലെ സ ഉ ( എം എസ് ) 282/2016/ധന ഉത്തരവ്
2.15/08/2016 തിയതിയിലെ സ ഉ ( എം എസ് ) 324/2016/ധന ഉത്തരവ്
3 .08/11/2016 തിയതിയിലെ സ ഉ ( എം എസ് ) 437/2016/ധന ഉത്തരവ്
4. 21/01/2017 തിയതിയിലെ സ ഉ ( എം എസ് ) 34/2017/ധന ഉത്തരവ്
5 . 06/02/2017 തിയതിയിലെ സ ഉ ( എം എസ് ) 67/2017/ധന ഉത്തരവ്
6 . 23/03/2017 തിയതിയിലെ സ ഉ ( എം എസ് ) 204/2017/ധന ഉത്തരവ്
7 . 01/08/2017 തിയതിയിലെ സ ഉ ( സാധാ ) 6060/2017/ധന ഉത്തരവ്

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തുകയും ചെയ്തു. തുടർന്ന് പരാമർശം ( 6) പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 1000 ൽ നിന്ന് 1100 ആയി വർദ്ധിപ്പിച്ച് കൊണ്ടും ഉത്തരവായിരുന്നു. സംസ്ഥാനത്ത് സാവർത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പലാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനും അതോടൊപ്പം ക്ഷേമനിധി ബോർഡ് പെൻഷനും ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ പരാമർശം (1) മുതൽ(5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

2. കേരളത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.5 ലക്ഷത്തോളം പേരും ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന 10 ലക്ഷത്തോളം പേരുമുണ്ട്.2011 ലെ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 വയസ്സിൽ കൂടുതലുള്ള 42.28 ലക്ഷം പേരാണ് ഉള്ളത്. ഇതിൽ തന്നെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുടേയും ഒരു ലക്ഷത്തിലധികം രൂപ വാർഷിക വരുമാനമുള്ളവരുടേയും എണ്ണം കുറയുകയും ചെയ്യുമ്പോൾ ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നവരുടെ എണ്ണം വളരെ കൂടുതാലണെന്ന് വ്യക്തമാകുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗണ്യമായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹത മാനദണ്ഡങ്ങൾ സർക്കാർ

പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് പരിശോധിക്കുന്നത് പ്രാദേശിക സർക്കാർ തലത്തിലാണ്. ഇത്തരത്തിൽ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണ്. ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയോജിപ്പിച്ചു കൊണ്ടും പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

I)അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
ii)അപേക്ഷകൻ സർവ്വീസ് പെൻഷണർ ആകരുത്.
iii)അപേക്ഷകൻ ആദായനികുതി നൽകുന്ന ആളാകരുത്.
iv)അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)
v)ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
vi) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധിബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ സാധാരണനിരക്കിൽ ലഭിക്കുന്നതാണ്.
vii) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധിപെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 06/02/2017 നുമുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
viii)ഇ.പി.എഫ് പെൻഷനർമാർക്ക് ഇ.പി.എഫ് പെൻഷനു പുറമെ സാധാരണനിരക്കിൽ ഒരു സാമൂഹ്യസുരക്ഷാ പെൻഷനോ അല്ലെങ്കിൽ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ അർഹതയുണ്ടായിരിക്കും.
ix)75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കുന്നതാണ്.
x)വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങാൻ പാടില്ല. അതായത്, ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിൽ നിന്നും മാത്രമേ സാമൂഹ്യ സുരക്ഷാപെൻഷൻ വാങ്ങാവൂ.
xi)എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും/അപേക്ഷകരും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. ഈ സത്യപ്രസ്താവനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്: (1) താൻ സർവ്വീസ് പെൻഷനർ അല്ല. (2) താൻ ആദായനികുതി നൽകുന്നില്ല (3) തന്റെയോ തന്റെ കുടുംബത്തിന്റെയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)
xii) പെൻഷൻ ഗുണഭോക്താക്കൾ/പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം

പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ , റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ.

xiii) 85 വയസ്സ് കഴിഞ്ഞവർ, 80% ത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം ആധാർ നമ്പർ ഇല്ലാതെ തന്നെ പെൻഷൻ നൽകാവുന്നതാണ്.

xiv)വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

xv)ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.

xvi)ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.

xvii)വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

xviii)DBT Cell സാധുത (validation) നൽകുന്ന തിയതി മുതൽ മാത്രമേ ആദ്യ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാകൂ.

xix)അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.

xx)ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും ( സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല.

3) പരാമർശം (1),(2),(3),(4),(5) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ) തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ